بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 21.02.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*ലണ്ടനിലെ ബൈത്തുൽ ഫുത്തൂഹിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തിന്റെ വിശാലതയും മാഹാത്മ്യവും പ്രതാപവും സംബന്ധിച്ചുള്ള വിശ്വാസ വർധകമായ വിവരണം.

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ

മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനം കാരണത്താൽ അഹ്മദിയ്യാ ജമാഅത്തിൽ ഫെബ്രുവരി 20 പ്രത്യേകമായ നിലയിൽ സ്മരിക്കപ്പെടുന്നു. അതുപോലെ ജമാഅത്തുകളിൽ മുസ്‌ലിഹ് മൗഊദ് ദിനയോഗം സംഘടിപ്പിക്കപ്പെടുന്നു. എന്നാൽ മുസ്‌ലിഹ് മൗഊദ് ദിനം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ ജനനത്തെ സ്മരിച്ചുകൊണ്ടല്ല മറിച്ച് ഒരു പ്രവചന പുലർച്ചയെ ഓർമ്മയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് നാം ആഘോഷിക്കുന്നത്. ഇസ്‌ലാമിന്റെ മേന്മയും സത്യതയും സ്ഥാപിച്ചു കാണിക്കുന്നതിനായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ജനനത്തിന് 3 വർഷം മുമ്പു തന്നെ അല്ലാഹു വെളിപാടു മുഖേന ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നു നല്കിയ പ്രവചനമാണിത്. അതിൽ ഇസ്‌ലാമിന്റെ സേവകനായ ഒരു വാഗ്ദത്ത സുതന്റെ ജനനത്തെ കുറിച്ചുള്ള സുവാർത്ത അടങ്ങിയിരുന്നു. അത് ശത്രുകൾക്ക് ഒരടയാളം എന്ന നിലയിലാണു സമർപ്പിച്ചിട്ടുള്ളത്. ഹുസൂർ തിരുമനസ്സ് പറയുന്നു: പ്രവചനത്തെ സംബന്ധിച്ചുള്ള ചില വിശദീകരണങ്ങൾ ഞാൻ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضي الله عنه ന്റെ വാക്കുകളിൽ തന്നെ വിവരിക്കുന്നതാണ്. അങ്ങനെ ആ പ്രവചനത്തിന്റെ വിശാലതയുടെയും അതിന്റെ മഹത്വത്തിന്റെയും ആഴം മനസിലാകുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضي الله عنه ഹോശിയാർപൂരിൽ വച്ചു പറയുന്നു: 1886 ഫെബ്രുവരി 20 ന് ഹോശിയാർപൂർ എന്ന ഈ പട്ടണത്തിൽ കുതിരാലയം എന്നു പറയപ്പെടുന്ന ഒരു കെട്ടിടമുണ്ടായിരുന്നു. അത് സ്ഥിരതാമസമുള്ള വീടായിരുന്നില്ല, ഒരു പ്രഭുവിന്റെ അനേകം ഔട്ട് ഹൗസുകളിൽ ഒന്നായിരുന്നു, വല്ലപ്പോഴും വല്ല അതിഥികളും തമസിച്ചാലായി, അല്ലെങ്കിൽ അതൊരു സ്റ്റോറായി ഉപയോഗിച്ചിരിക്കാം. അതുമല്ലെങ്കിൽ ആവശ്യം നേരിടുമ്പോൾ മൃഗങ്ങളെ കെട്ടിയിട്ടുമുണ്ടാവാം. അത് അധികമായുള്ള സ്ഥലമായിരുന്നു. ഖാദിയാനിലെ മുഴുവൻ ആൾക്കാർക്കുപോലും അറിയാത്ത പ്രശസ്തനല്ലാത്ത ഒരു വ്യക്തി ഇസ്‌ലാമിനോടും ഇസ്‌ലാം മതസ്ഥാപകരോടുമുള്ള എതിർപ്പു കണ്ട്, തന്റെ നാഥന്റെ സമക്ഷം ഏകനായി ആരാധനാകർമ്മങ്ങൾ നിർവഹിക്കുന്നതിനും അവന്റെ സഹായത്തിന്റെയും പിന്തുണയുടെയും അടയാളം ചോദിക്കുന്നതിനുമായി അവിടെ എത്തി ചേർന്നു. 40 ദിവസകാലം ജനങ്ങളിൽനിന്നു വിട്ടുമാറികൊണ്ട്, തന്റെ നാഥനോടു ദുആ ചെയ്തുകൊണ്ടിരുന്നു. 40 ദിവസത്തെ ദുആകൾക്കുശേഷം അദ്ദേഹത്തിന് ഒരു അടയാളം നല്കപ്പെട്ടു. അദ്ദേഹത്തോട് ദൈവം ഇപ്രകാരം പറഞ്ഞു: നിന്നോടു ഞാൻ ചെയ്ത വാഗ്ദാനങ്ങൾ ഞാൻ പൂർത്തികരിക്കുകയും നിന്റെ നാമം ലോകത്തിന്റെ കോണുകളോളം എത്തിക്കുകയും ചെയ്യും. എന്നു മാത്രമല്ല, ഈ വാഗ്ദാനങ്ങൾ കൂടുതൽ മഹിമയോടുകൂടി പൂർത്തികരിക്കുന്നതിനായി ഞാൻ നിനക്ക് ഒരു മകനെ നല്കുന്നതാണ്. അവൻ ചില പ്രത്യേക ഗുണങ്ങൾ നിറഞ്ഞവനായിരിക്കും. അവൻ ഇസ്‌ലാമിനെ ലോകത്തിന്റെ കോണുകളോളം പ്രചരിപ്പിക്കും. ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ചപ്പോൾ ശത്രുക്കൾ ആക്ഷേപങ്ങളുടെ ഒരു പരമ്പര തന്നെ തുടങ്ങി. വീട്ടിൽ ഒരു മകൻ ജനിക്കുമെന്നത് പ്രവചനമായി ഗണിക്കുന്നതെങ്ങനെ? ജനങ്ങളുടെ വീടുകളിൽ ആൺകുഞ്ഞുകൾ ജനിക്കാറില്ലേ? എന്നൊക്കെ ചോദ്യങ്ങളുയർന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضي الله عنه പറയുന്നു: തനിക്കൊരു മകൻ ഉണ്ടാകുമെന്നു പറയുന്നതു തന്നെയും ഒരു തരത്തിലുള്ള പ്രവചനമാണ്. കാരണം ലോകത്തിന്റെ ഒരു വിഭാഗത്തിന് അത് എത്ര തന്നെ എണ്ണത്തിൽ കുറവാണെങ്കിലും ശരി, കുട്ടികൾ തന്നെ ഉണ്ടാകാറില്ല. രണ്ടാമതായി, ഈ പ്രവചനം നടത്തിയപ്പോൾ അദ്ദേഹത്തിന്റെ പ്രായം 50 കവിഞ്ഞിരുന്നു. ആയിരകണക്കിന് ആളുകളെ നമുക്ക് കാണാം, 50 വയസ്സിനു ശേഷം കുട്ടികൾ ജനിക്കുന്ന സാധ്യത തന്നെ അവസാനിക്കുന്നു. ചിലയിടങ്ങളിൽ വെറും പെൺകുട്ടികൾ മാത്രമായിരിക്കും. പിന്നെ ചില സ്ഥലങ്ങളിൽ ആൺകുട്ടികൾ ജനിക്കുമെങ്കിലും ജനിച്ചു കുറച്ചു കാലത്തിനു ശേഷം തന്നെ മരണപ്പെടുകയും ചെയ്യുന്നു. ഇത്തരം സാഹചര്യങ്ങളിൽ എല്ലാവിധ സംശയങ്ങളും നിലനിൽക്കെ, ആൺകുട്ടിയുടെ ജനനത്തെ കുറിച്ച് ഒരു സുവാർത്ത നല്കുകയെന്നത് തന്നെ ഒരു മനുഷ്യന്റെ കഴിവിൽ

ഉൾപ്പെട്ട കാര്യമല്ല. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام താൽകാലികമായി ആ ആക്ഷേപങ്ങളെ മാനിച്ചുകൊണ്ട് പറയുന്നു: ഇനി ഇത് അംഗീകരിച്ചാലും അതായത് ആൺകുട്ടി ജനിക്കുമെന്ന വാർത്ത പ്രവചനമെന്നു പറയപ്പെടാൻ സാധിക്കില്ല എന്നു സമ്മതിച്ചാലും ചോദ്യമിതാണ്, വെറും ഒരു മകൻ ജനിക്കുമെന്ന വാർത്ത എപ്പോഴാണ് നല്കിയത്? മറിച്ചു ദുആകൾ സ്വീകരിച്ചുകൊണ്ട് അല്ലാഹു അനുഗ്രഹപൂർണമായ ഒരു ആത്മാവിനെ നിയോഗിക്കുമെന്ന വാഗ്ദാനമാണു നല്കിയിരിക്കുന്നത്. അവന്റെ പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹങ്ങൾ ഭൂലോകം മുഴുവനും വ്യാപിക്കുമെന്നും പ്രവചനം ചെയ്യപ്പെട്ടു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضي الله عنه പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ തലമുറയിൽനിന്ന് 300, 400 വർഷങ്ങൾക്കു ശേഷമാണു മുസ്‌ലിഹ് മൗഊദ് വരികയെന്നും ഈ കാലഘട്ടത്തിൽ വരാൻ സാധ്യതയില്ലയെന്നും ചില ആളുകൾ പറയാറുണ്ട്. എന്നാൽ അവർ ദൈവത്തെ ഭയന്നുകൊണ്ട് പ്രവചനത്തിൽ പറയപ്പെട്ട വാക്കുകൾ ശ്രദ്ധിക്കുകയും അതിൽ ചിന്തിക്കുകയും ചെയ്യേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام എഴുതുന്നു: ഇക്കാലത്ത് ഇസ്‌ലാമിന് അടയാളം കാണിക്കുവാനുള്ള ശേഷിയില്ലായെന്ന ആക്ഷേപമുയരുന്നു. ഇസ്‌ലാം സത്യപൂർണമെങ്കിൽ അടയാളം കാണിക്കട്ടെയെന്ന് പണ്ഡിത് ലേഖറാം ആക്ഷേപിച്ചു. ഇസ്‌ലാം സത്യമെങ്കിൽ അടയാളം കാണിക്കട്ടെ എന്ന് ഇന്ദർമൻ ആക്ഷേപിച്ചുകൊണ്ടിരുന്നു. ദൈവസവിധത്തിൽ കുമ്പിട്ടുകൊണ്ട് അദ്ദേഹം പറഞ്ഞു: എന്റെ നാഥാ! അടയാളം ആവശ്യപ്പെടുന്നവർ ഇസ്‌ലാമിനെ അംഗീകരിക്കുംവിധം നീ അടയാളം കാണിച്ചാലും. ഇന്ദർമൻ മുറാദാബാദിയെ പോലുള്ളവർ ഇസ്‌ലാമിനെ അംഗികരിക്കുന്ന വിധത്തിലുള്ള അടയാളം കാണിച്ചാലും. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام അല്ലാഹുവിന്റെ സമക്ഷം ദുആ ചെയ്തപ്പോൾ ഇന്നേക്കു 300 വർഷങ്ങൾക്കുശേഷം നിനക്കു ഞാൻ ഒരു മകനെ നല്കുന്നതാണെന്നും അത് ഇസ്‌ലാമിന്റെ സത്യതയ്ക്കുള്ള തെളിവായിരിക്കമെന്നുമാണ് അല്ലാഹു അദ്ദേഹത്തോടു പറഞ്ഞതെന്ന് ഈ ആക്ഷേപകർ നമ്മോടു പറയുന്നു. ഇതിനെ യുക്തിപൂർണമെന്ന് ലോകത്തിലെ ഏതെങ്കിലുമൊരു വ്യക്തി അംഗീകരിക്കുമോ? പണ്ഡിത് ലേഖറാം, മുൻശി ഇന്ദർമൻ മുറാദാബാദി, തുടങ്ങി ഖാദിയാനിലെ മറ്റു ഹിന്ദുക്കൾ പറഞ്ഞിരുന്നത്, ഇസ്‌ലാമിന്റെ ദൈവം ലോകത്ത് അടയാളങ്ങൾ കാണിക്കുന്നതിനു കഴിവുള്ളവനാണ് എന്ന വാദം കളവും അടിസ്ഥാന രഹിതവുമാണ് എന്നാണ്. ഇതിൽ എന്തെങ്കിലും യാഥാർത്ഥ്യമുണ്ടെങ്കിൽ ഞങ്ങൾക്ക് അടയാളം കാണിച്ചുതരിക. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام അല്ലാഹുവിന്റെ മുന്നിൽ കുനിഞ്ഞുകൊണ്ട് പറഞ്ഞു: എന്റെ നാഥാ! ഞാൻ നിന്നോടു അർഥന നടത്തുകയാണ്, കാരുണ്യത്തിന്റെ അടയാളം നീ എനിക്കു നല്കിയാലും. നിന്റെ ശക്തിപ്രഭാവത്തിന്റെയും സാമിപ്യത്തിന്റെയും അടയാളം ഞാൻ ചോദിച്ചിക്കുന്നു. പിന്നീട് അപ്രകാരം തന്നെ സംഭവിച്ചു. 1889 ന് അല്ലാഹുവിന്റെ പ്രവചനം അനുസരിച്ച് എന്റെ ജനനമുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നോട് അടയാളം ചോദിച്ച ആളുകൾ ജീവനോടെ ഉണ്ടായിരുന്നു. പിന്നീട് ഞാൻ വളരുന്നതിന് അനുസരിച്ച് അല്ലാഹുവിന്റെ അടയാളങ്ങൾ അധികമധികമായി വെളിപ്പെടുവാനും തുടങ്ങി. അതുകൊണ്ട് ഈ അടയാളം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ജീവിതത്തിൽ തന്നെ, ഇസ്‌ലാമിനെ ആക്ഷേപിച്ച ആളുകൾ ജീവിച്ചിരിക്കുമ്പോൾ തന്നെ വെളിപ്പെടേണ്ടത് നിർബന്ധമായിരുന്നു. അങ്ങനെ അതു വെളിപ്പെടുകയുണ്ടായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി ഈ വാക്കുകൾ ഉദ്ദരിച്ചുകൊണ്ട് പറയുന്നു: ഞാൻ തന്നെയാണ് മുസ്‌ലിഹ് മൗഊദ്. (അദ്ദേഹം ഇക്കാര്യം വിളംബരം ചെയ്തില്ലയെന്നതായിരുന്നുആദ്യമുണ്ടായ ആക്ഷേപം. എന്നാൽ 1944 ന് അദ്ദേഹം അക്കാര്യം വിളംബരം ചെയ്തു.) പറയുന്നു, ദൈവത്തെ സാക്ഷി നിറുത്തി ഞാൻ പറയുന്നു: മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തിന്റെ സാക്ഷാത്കാരം ഞാൻ തന്നെയാണ്. ഇനി ഏതൊരു വ്യക്തിയാണ് ഞാൻ വ്യാജമായ രീതി അവലംബിച്ചിരിക്കുന്നതെന്നും അല്ലെങ്കിൽ ഇക്കാര്യത്തിൽ ഞാൻ വ്യാജവും അസത്യവും വിവരിച്ചിരിക്കുന്നുവെന്നും ധരിച്ചിരിക്കുന്നത്, അവർ ഞാനുമായി ഈ കാര്യത്തിൽ മുബാഹല നടത്തട്ടെ. പിന്നീട് അല്ലാഹു സ്വയം തന്റെ ആകാശീയ അടയാളങ്ങൾകൊണ്ട് ആരാണ് സത്യവാദിയെന്നും കള്ളവാദിയെന്നുമുള്ള തീരുമാനം കല്പിക്കുന്നതായിരിക്കും. എന്നാൽ മത്സരത്തിനായി ആരും തന്നെ മുന്നോട്ടു വന്നില്ല.

ചുരുക്കത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താലും കൃപയാലും ആ പ്രവചനപൂർത്തീകരണത്തിനായുള്ള ഒരു നീണ്ടകാല കാത്തിരിപ്പിനുശേഷം, അല്ലാഹു ആ പ്രവചനം തന്റെ വെളിപാടിലൂടെയും സൂചനകളിലൂടെയും എന്റെ അസ്തിത്വത്തിലൂടെ തന്നെ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നുവെന്ന് എന്നെ അറിയിച്ചിരിക്കുന്നു. ഇപ്പോൾ ഇസ്‌ലാമിന്റെ ശത്രുക്കളുടെമേൽ ദൈവത്തിന്റെ പരിപൂർണ തീർപ്പു കല്പ്പിക്കപ്പെട്ടിരിക്കുന്നു. അവരിൽ അത് പ്രകടമായിരിക്കുന്നു. ഇസ്‌ലാം ദൈവത്തിന്റെ സത്യമതവും മുഹമ്മദ് റസൂലുല്ലാഹ് صلى الله عليه وسلم തിരുമേനി അല്ലാഹുവിന്റെ സത്യറസൂലും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ദൈവത്തിൽനിന്നുള്ള സത്യാത്മാവുമാകുന്നു. ഇസ്‌ലാമിനെ കളവെന്ന് പറഞ്ഞവരാണ് യഥാർഥ കള്ളവാദികൾ. മുഹമ്മദ് റസൂലുല്ലാഹ് صلى الله عليه وسلم തിരുമേനിയെ വ്യാജനെന്ന് വിളിച്ചവരാണ് വ്യാജന്മാർ. ദൈവം ഈ അതിമഹത്തായ പ്രവചനം മുഖേന ഇസ്‌ലാമിന്റെയും റസൂൽ കരീം صلى الله عليه وسلم തിരുമേനിയുടെയും സത്യതക്കുള്ള ഒരു ജീവസുറ്റ തെളിവ് ജനങ്ങൾക്കു മുന്നിൽ സമർപ്പിച്ചിരിക്കുകയാണ്.

അദ്ദേഹം പറയുന്നു: 1886 ന് അതായത് ഇന്നേക്ക് 58 വർഷങ്ങൾക്കു മുമ്പ്, സ്വന്തമായി ഇപ്രകാരം അറിയിപ്പു നല്കാൻ ആർക്കു കഴിവുണ്ടാകാനാണ്. അതായത് തനിക്ക് ഒൻപത് വർഷത്തിനുള്ളിൽ ഒരു ആൺകുഞ്ഞ് ജനിക്കുകയും അവൻ വേഗം വേഗം വളരുകയും ലോകത്തിന്റെ കോണുകളോളം അവന്റെ കീർത്തി വ്യാപിക്കുകയും അവൻ ഇസ്‌ലാമിന്റെയും റസൂൽ കരീം ﷺ യുടെയും നാമം ലോകത്ത് വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്. അവൻ ഭൗതീകവും ആത്മീയവുമായ ജ്ഞാനങ്ങൾകൊണ്ട് നിറക്കപ്പെടും. അവൻ ദൈവീക പ്രതാപത്തിന് കാരണമായി ഭവിക്കുന്നതാണ്. അവൻ അല്ലാഹുവിന്റെ ശക്തി പ്രഭാവത്തിന്റെയും സാമീപ്യത്തിന്റെയും കാരുണ്യത്തിന്റെയും ജീവസുറ്റ അടയാളമായിരിക്കും. ഇത്തരം ഒരു സുവാർത്ത ഒരു മനുഷ്യനും തന്റെ ഭാഗത്തുനിന്ന് നല്കുവാൻ സാധിക്കുകയില്ല. ദൈവമാണ് ഈ അറിവ് നല്കിയത്. പിന്നീട് ആ ദൈവം തന്നെ ആ വാർത്ത ഈ മനുഷ്യനിലൂടെ പൂർത്തീകരിച്ചു. (അദ്ദേഹം സ്വന്തം അസ്തിത്വത്തെ കുറിച്ചാണ് പറയുന്നത്) ആ പ്രവചനം പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു.

ഹുസൂർ പറയുന്നു: ഇത് സധാരണമായ ഒരു വിളംബരമായിരുന്നില്ല. അദ്ദേഹത്തിന്റെ 52 വർഷകാല ഖിലാഫത്ത് കാലഘട്ടം, അതിലെ ഒരോ ദിവസവും ഇതിന്റെ മഹത്വം വെളിവാക്കികൊണ്ടിരുന്നു. പിന്നീട് അദ്ദേഹം പറയുന്നു: അല്ലയോ സുഹൃത്തുക്കളേ! ഞാൻ ഒരു അന്തസ്സും ആഗ്രഹിക്കുന്നില്ല. അതുപോലെ അല്ലാഹു എന്റെമേൽ വെളിപ്പെടുത്തുന്നതല്ലാതെ നീണ്ട ആയുസ്സും ഞാൻ പ്രതീക്ഷിക്കുന്നില്ല. ഞാൻ പരിപൂർണമായും വിശ്വസിക്കുന്നു, റസൂൽ കരീം ﷺ തിരുമേനിയുടെയും ഇസ്‌ലാമിന്റെയും അന്തസ്സു നിലനിർത്തുന്നതിനും വീണ്ടും ഇസ്‌ലാമിനെ സ്വന്തം പാദങ്ങളിൽ നിലയുറപ്പിക്കുന്നതിനും ക്രിസ്തുമത പ്രത്യയശാസ്ത്രത്തെ പൊളിക്കുന്നതിനും എന്റെ കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ പദ്ധതികൾക്ക് ഇൻശാ അല്ലാഹ് വലിയ പങ്ക് ഉണ്ടായിരിക്കുന്നതാണ്. പിശാചിന്റെ ശിരസ്സിനെ ചവിട്ടി മെതിക്കുകയും ക്രിസ്തുമത പ്രത്യയശാസ്ത്രത്തെ അവസാനിപ്പിക്കുകയും ചെയ്യുന്ന ചുവടുകളിൽ ഒന്ന് എന്റേത് കൂടിയുണ്ടായിരിക്കും. ഇൻശാ അല്ലാഹ്.

പിന്നീട് അദ്ദേഹം പറയുന്നു: അല്ലാഹു മുസ്‌ലിഹ് മൗഊദുമായി ബന്ധപ്പെട്ട ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഈ പ്രവചനം നിങ്ങളുടെ മുന്നിൽ പൂർത്തീകരിച്ചിരിക്കുന്നു. അതുകൊണ്ട് ഞാൻ ഈ അവസരത്തിൽ നിങ്ങളുടെ മുമ്പാകെ ഈ സന്തോഷവാർത്ത അറിയിക്കുന്നതോടൊപ്പം ചില ഉത്തരവാദിത്വങ്ങളിലേക്കു നിങ്ങളുടെ ശ്രദ്ധയും ക്ഷണിക്കുകയാണ്. തങ്ങളുടെയുള്ളിൽ ഒരു പരിവർത്തനം ഉണ്ടാക്കുകയെന്നതാണ് നിങ്ങളുടെ പ്രഥമ കടമ. നിങ്ങളുടെ രക്തത്തിന്റെ അവസാന തുള്ളിവരെ ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും വിജയത്തിനും ലക്ഷ്യപ്രാപ്തിക്കുമായി ഒഴുക്കുവാൻ സദാ തയ്യാറായിരിക്കുക. അല്ലാഹു ഈ പ്രവചനം പൂർത്തിയാക്കിയതിൽ സന്ദേഹം കൂടാതെ നിങ്ങൾ സന്തോഷിക്കുക. എന്നാൽ നിങ്ങൾ ഈ സന്തോഷത്തിൽ നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ വിസ്മരിച്ച് കളയരുത് എന്നാണ് എനിക്ക് പറയാനുള്ളത്. അല്ലാഹു ദിവ്യദർശനത്തിലൂടെ എനിക്ക് ഇപ്രകാരം കാണിച്ചുതന്നു, ഞാൻ വളരെ വേഗത്തിൽ കുതിക്കുകയാണ്. ഭൂമി എന്റെ കാൽപാദത്തിനു കീഴെ ചുരുട്ടപ്പെടുന്നു. അല്ലാഹു ഇൽഹാമിലൂടെ അറിയിച്ചിരിക്കുന്നത് ഞാൻ വേഗം വേഗം വളരുമെന്നാണ്. എനിക്കായി ഇത് വിധിക്കപ്പെട്ടിരിക്കുന്നു. അതായത് ദ്രുതഗതിയിലും അതിവേഗത്തിലും എന്റെ പാദങ്ങൾ പുരോഗതിയുടെ മൈതാനത്തിലേക്ക് നീങ്ങികൊണ്ടിരിക്കുന്നതാണ്. എന്നാൽ അതോടൊപ്പം നിങ്ങളിൽ ഉത്തരവാദിത്വവും കൂടുന്നു, നിങ്ങളുടെ പാദങ്ങളും വേഗമുള്ളതാക്കി മാറ്റുക. നിങ്ങളുടെ അലസമായ ശീലങ്ങളെ ഉപേക്ഷിക്കുക. എന്തെന്നാൽ നിങ്ങൾ പുരോഗതി ആഗ്രഹിക്കുന്നുണ്ടെങ്കിൽ, നിങ്ങളുടെ ചുമതലകളുടെ യഥാർഥ ഗ്രാഹ്യം നിങ്ങൾക്കുണ്ടെങ്കിൽ എന്നോടൊപ്പം ചുവടു വച്ചും തോളോടു തോൾ ചേർന്നും എന്റെയൊപ്പം മുന്നോട്ടു കുതിച്ച് കൊണ്ടിരിക്കുക. അങ്ങനെ നാം അവിശ്വാസം നിറഞ്ഞ മനസ്സുകളിൽ മുഹമ്മദ് റസൂലുല്ലാഹ് ﷺ തിരുമേനിയുടെ കൊടി സ്ഥാപിക്കുന്നതാണ്. വ്യാജത്തെ എന്നന്നേക്കുമായി ഭൂമുഖത്ത് നിന്ന് തുടച്ചു നീക്കുന്നതാണ്. ഇൻശാ അല്ലാഹ് അങ്ങനെ തന്നെ സംഭവിക്കുമാറാകട്ടെ. ഭൂമിയും ആകാശവും മാറിമറഞ്ഞെന്നു വരാം. എന്നാൽ അല്ലാഹുവിന്റെ വാക്കുകൾ ഒരിക്കലും മാറ്റപ്പെടുകയില്ല.

ഹുസൂർ തിരുമനസ്സ് പറയുന്നു: അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നാം അങ്ങനെ പ്രവർത്തിക്കുന്നവരായി മാറട്ടെ. വെറും മുസ്‌ലിഹ് മൗഊദ് യോഗങ്ങൾ സംഘടിപ്പിക്കുന്നവരാകരുത്. ഇസ്‌ലാമിന്റെ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിക്കുന്നവരായി മാറട്ടെ. യോഗങ്ങൾ നടത്തി എന്നതിൽ മാത്രം സന്തോഷിക്കാതെ, യഥാർഥ നിലയിൽ നാം അദ്ദേഹത്തിന്റെ മിഷനെ മുന്നോട്ട് കൊണ്ടുപോകുന്നവരായി തീരട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ അല്ലാഹു നിയോഗിച്ച ആ കാര്യത്തിനെ മുന്നോട്ട് കൊണ്ടുപോകുന്നവരായി തീരട്ടെ. അതിനെ സംബന്ധിച്ച് എണ്ണമറ്റ പ്രവചനങ്ങൾ നല്കിയിരിക്കുന്നു. മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനവും അതിൽ ഉൾപ്പെട്ട ഒരു പ്രവചനമാകുന്നു.

പിന്നീട് പറയുന്നു: അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്ന ഒരു കാര്യം വളരെ ചുരുങ്ങിയ നിലയിൽ ഇവിടെ ഞാൻ വിവരിക്കാം. ഭൗതീകവും ആത്മീയവുമായ ജ്ഞാനം അവനിൽ നിറക്കുന്നതാണ് എന്ന് പ്രവചനത്തിലുണ്ട്. അതിന്റെ ഒരു ഉദാഹരണം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ നിന്നു ഞാൻ വിവരിക്കാം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ ന്റെ ഗ്രന്ഥങ്ങൾ, ലക്ച്ചറുകൾ, പ്രഭാഷണങ്ങൾ എന്നിവയുടെ സമാഹാരം അൻവാറുൽ ഉലൂം എന്ന പേരിൽ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്നു. വളരെയധികം വാല്യങ്ങൾ പ്രദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഉർദു വായിക്കാനറിയുന്നവർ അത് വായിക്കേണ്ടതാണ്. ഇപ്പോൾ അൻവാറുൽ ഉലൂമിന്റെ 26 വാല്യങ്ങൾ പ്രസിദ്ധീകരിച്ച് കഴിഞ്ഞു. ഈ 26 വാല്യങ്ങളിൽ മൊത്തം 670 ഗ്രന്ഥങ്ങളും പ്രഭാഷണങ്ങളും അടങ്ങിയിരിക്കുന്നു. ഖുത്ബാത്തെ മഹ്മൂദ് ഇതുവരെ മൊത്തം 39 വാല്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ 1956 വരെയുള്ള ഖുത്ബകളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ വാല്യങ്ങളിൽ 2367 ഖുത്ബകൾ ഉൾപ്പെടുന്നു. തഫ്സീറെ സഗീറിൽ 1071 പേജുകൾ അടങ്ങിയിരിക്കുന്നു. തഫ്സീറെ കബീർ പത്ത് വാല്യങ്ങളാണ് ഉള്ളത്. അതിൽ വിശുദ്ധ ഖുർആന്റെ 59 സൂറത്തുകളുടെ തഫ്സീർ വിവരിച്ചിരിക്കുന്നു. തഫ്സീറെ കബീറിന്റെ 10 വാല്യങ്ങളിലുള്ള മൊത്തം പേജുകളുടെ എണ്ണം 5907 ആണ്. പ്രസിദ്ധീകരിക്കാത്ത തഫ്സീർ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ഖുർആൻ ദർസുകളാണ്. റിസർച്ച് വിഭാഗം അത് കമ്പോസ് ചെയ്തതിനുശേഷം ഫസലെ ഉമർ ഫൗണ്ടേഷനു നല്കിയിട്ടുണ്ട്. അതിനും 3094 പേജുകളുണ്ട്. ഇതിനുശേഷം ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ഗ്രന്ഥങ്ങളിൽനിന്നും പ്രഭാഷണങ്ങളിൽനിന്നും ഖുർആന്റെ തഫ്സീർ സ്വരൂപിക്കുകയെന്ന് ഞാൻ റിസർച്ച് വിഭാഗത്തിനോടു പറഞ്ഞിരുന്നു. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 9000 പേജുകളിൽ കവിഞ്ഞ തഫ്സീർ സ്വരൂപിച്ചു. അതിൽ കൂടുതലായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത വിവരണമാണ്. ആ മഹാത്മാവിൽ അല്ലാഹുവിന്റെ ആയിരമായിരം റഹ്മത്തുകൾ വർഷിക്കുമാറാകട്ടെ. ഒരോ നിമിഷവും അദ്ദേഹത്തിന്റെ പദവികൾ ഉയർത്തി കൊണ്ടിരിക്കട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് ؑ ന്റെ ഈ പുത്രനെ പോലെ ഇസ്‌ലാമിന്റെ പ്രചരണത്തിനായുള്ള വേദന സ്വന്തം ഹൃദയത്തിൽ സൃഷ്ടിക്കുന്നവരായി നാം മാറട്ടെ. ഇസ്‌ലാമിന്റെ സേവനത്തിനായി എല്ലാ സമയത്തും നാം സജ്ജരായിരിക്കട്ടെ. ദീനിനെ സേവിക്കുന്നവരുടെ ഒപ്പമായിരിക്കട്ടെ അതല്ലാതെ ആരെ കുറിച്ചാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് നിങ്ങളുടെ സമയത്ത് ജമാഅത്തിന് ദുഷ്പേരുണ്ടാകരുതെന്ന് പറഞ്ഞത് അതിൽ ഉൾപ്പെടാതിരിക്കട്ടെ. ജമാഅത്തിനു ദുഷ്പേരുണ്ടാക്കുന്നവരായി അല്ലാഹു നമ്മളെ മാറ്റാതിരിക്കട്ടെ. മറിച്ച് സേവനത്തിൽ മുന്നോട്ട് കുതിരിക്കുന്നവരായിരിക്കട്ടെ.

ഹുസൂർ തിരുമനസ്സ് പറയുന്നു: നമസ്കാരത്തിനുശേഷം ഞാൻ രണ്ട് ജനാസ നമസ്കാരം നിർവഹിക്കുന്നതാണ്. ഒന്ന്, ബഹുമാനപ്പെട്ട മറിയം എലിസബത്ത് സാഹിബയുടെതാണ്. മുൽത്താനിലെ പ്രമാണിയും മുൻ അമീറുമായ ബഹുമാനപ്പെട്ട മലക് ഉമർ അലി ഖോഖർ സാഹിബിന്റെ രണ്ടാമത്തെ ഭാര്യയായിരുന്നു. 86 ാമത്തെ വയസ്സിൽ ഒരു അപകടത്തെ തുടർന്ന് വഫാത്താകുകയുണ്ടായി, إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ

രണ്ടാമത്തെ ജനാസ അസീസം ജാഹിദ് ഫാരിസ് അഹ്മദിന്റെതാണ്. 12 ാം വയസ്സിലാണ് വഫാത്തായത്. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ താരിഖ് നൂറിയുടെയും അത്വീയത്തുൽ അസീസ് ഖദീജയുടെയും മകനായിരുന്നു. ജാഹിദിന്റെ മാതാമഹൻ ഫാറൂഖ് അഹ്മദ് ഖാൻ ആണ്. അദ്ദേഹം നവാബ് അമത്തുൽ ഹഫീസ് ബേഗം സാഹിബയുടെ പേരമകനാണ്. ജനറേറ്ററിലൂടെ വീടിനു തീപിടിച്ചു. അതുമൂലം അവനും തീപൊള്ളലേറ്റു മുറിവു പറ്റി. ശരിയായി വരികയായിരുന്നു. എന്നാൽ ഇൻഫെക്ഷൻ കൂടുകയും ആശുപത്രിയിൽ വെച്ചുതന്നെ വഫാത്താകുകയും ചെയ്തു. കുട്ടികൾ നിഷ്കളങ്കരും സ്വർഗവാസികളുമായിരിക്കും. അല്ലാഹു തന്റെ പ്രിയപ്പെട്ടവരിൽ ഉൾപ്പെടുത്തുമാറാകട്ടെ. അവന്റെ പദവികൾ ഉയർത്തുമാറാകട്ടെ. കുട്ടിയുടെ മാതാവിനും മാതാവിന്റെ മാതാപിതാക്കൾക്കും ക്ഷമയും സ്ഥൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)

at Baitul Futuh, London, UK. – on 21.02.2020

Malayalam Translation: **Moulavi Hashim Ashraf Alappuzha** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516